# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1934 — 16.02.2016-ൽ മറുപടിയ്ക്ക്

### മാഫിയകളെ അമർച്ച ചെയ്യുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) മാഫിയകളെ അമർച്ച ചെയ്യുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) നടപ്പാക്കിയിട്ടുണ്ട്. ഓപ്പറേഷൻ കുബേര, ഓപ്പറേഷൻ സുരക്ഷ എന്നീ പദ്ധതികളിലൂടെ സംഘടിത സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ, ബ്ലേഡ് മാഫിയകൾ, മണൽ മാഫിയകൾ എന്നിവരുടെ പ്രവർത്തനങ്ങൾ അമർച്ച ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) ബ്ലേഡ് മാഫിയകൾ, അമിത പലിശക്കാർ, ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിവിധ തരം ചൂഷണങ്ങളിൽ നിന്ന് സമൂഹത്തിലെ സാധാരണ ജനങ്ങൾക്ക് സംരക്ഷണം നൽകുകയാണ് 'ഓപ്പറേഷൻ കുബേര' പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.<br>സമൂഹത്തിൽ മയക്കമരുന്ന് വിപണനം, കള്ളവാറ്റ്, കഞ്ചാവ് എന്നിവയുടെ വിപണനം നടത്തുന്നവർ, നിരോധിത സ്ഫോടക വസ്തുക്കളുടെ ഉപയോഗം/വ്യാപാരം നടത്തുന്നവർ, സമൂഹത്തിലെ സ്ഥിരം കുറ്റവാളികൾ, ഗുണ്ടകൾ എന്നിവരെ നിരീക്ഷിച്ച് അവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുക വഴി ഇത്തരം അനധികൃത പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്ത് ഇത്തരം കുറ്റവാളികളുടെ പ്രവർത്തനങ്ങൾ സമൂഹത്തിൽ ഇല്ലാതാക്കുകയും ചെയ്യുക എന്നതാണ് 'ഓപ്പറേഷൻ സുരക്ഷ' പദ്ധതിയുടെ ലക്ഷ്യങ്ങൾ. |
| (സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (സി) ഇതു പ്രകാരം യഥാസമയം റെയ്ഡുകൾ നടത്തി കുറ്റവാളികൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ കർശന നിരീക്ഷണങ്ങളും, രഹസ്യാന്വേഷണങ്ങളും നടത്തി വരുന്നു. പ്രസ്തുത പദ്ധതികളെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ